(ബി) 73.80 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. സ്ഥാപിതശേഷി 7.5 മെഗാ വാട്ടാണ്.

(സി) പദ്ധതി തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതിനനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമാകുകയുള്ളൂ.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ തുടങ്ങി 30 മാസംകൊണ്ട് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വെളിയം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ ഉപഭോക്താക്കൾ

18 (2219) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെളിയം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ എത്ര ഉപഭോക്താക്കൾ ഉണ്ട്;

(ബി) വെളിയം സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ രൂപീകരിക്കാൻ കെ.എസ്.ഇ.ബി. പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ;

(സി) വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ (ഓടനാവട്ടം അല്ലെങ്കിൽ നെടുമൺകാവ് കേന്ദ്രമാക്കി) രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 19519 ഉപഭോക്താക്കൾ.

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

സോളാർ ഊർജ്ജോല്പാദന പദ്ധതികൾ

19 (2220) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ ഊർജ്ജ ഉല്പാദന പദ്ധതികൾക്കായി ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പദ്ധതികൾക്കാണ് ടെൻഡർ ക്ഷണിച്ചതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് എത്ര ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഒരു മെഗാവാട്ട് സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നല്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതുവരെയായി 36 ഇ-ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്.

(ബി) സൗരോർജ്ജത്തിൽനിന്ന് ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് നല്ല രീതിയിൽ സൂര്യപ്രകാശം ലഭിക്കുന്ന 4.5 മുതൽ 5 ഏക്കർ ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(സി) (1) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ കനാലിന് മുകളിലായും വശത്തുമായി സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനായി കേന്ദ്രഗവൺമെന്റ് ഫണ്ട് നൽകിവരുന്നു. (സെന്റർ ഫിനാൻസ് അസിസ്റ്റന്റ്സ് CFA) ഇതിൽ, കനാലിന് മുകളിലായി പ്ലാന്റ് സ്ഥാപിക്കുന്നതിന് ഒരു മെഗാവാട്ട് നിലയത്തിന് 3 കോടി രൂപയോ പ്രോജക്ട് തുകയുടെ 30 ശതമാനമോ ഏതാണ് കുറവ് ആ തുകയായിരിക്കും CFA ആയി ലഭിക്കുന്നത്. കനാലിന്റെ വശത്തായി പ്ലാന്റ് സ്ഥാപിക്കുന്നതിന് ഒരു മെഗാവാട്ട് പ്ലാന്റിന് 1.5 കോടി രൂപയോ പ്രോജക്ട് തുകയുടെ 30 ശതമാനമോ ഏതാണ് കുറവ് ആ തുകയാണ് CFA ആയി ലഭിക്കുന്നത്. ഇതനുസരിച്ച് ബാരാപോൾ കനാലിനു മുകളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് 1.20 ലക്ഷം രൂപയും കനാലിന്റെ വശത്തായി സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് 30 ലക്ഷം രൂപയും CFA ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിൽ നിന്നും ലഭിച്ച ധനസഹായം ചുവടെ ചേർക്കുന്നു:

1	കഞ്ചിക്കോട് (IMW) സൗരോർജ്ജ നിലയം	4 കോടി രൂപ
2	അഗളി (96KW) ടൈബൽ കോളനികളുടെ മുകളിൽ സ്ഥാപിച്ച സൗരോർജ്ജ നിലയം	1.1 കോടി രൂപ
3	പൊരിങ്ങൽകുത്ത് പവർ ഹൗസിന് മുകളിൽ സ്ഥാപിച്ച സൗരോർജ്ജ നിലയം	60 ലക്ഷം രൂപ
4	പടിഞ്ഞാറേത്തറ ഡാമിന്റെ നടപ്പാതയുടെ മുകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയം	3.425 കോടി രൂപ
5	ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് (ബാണാസുര സാഗർ റിസർവോയറിൽ)	7 കോടി രൂപ
6	പൊരിങ്ങൽകുത്ത് പവർ ഹൗസിന്റെ ടെയിൽ റെയ്സിൽ സ്മൂ ടർബൈൻ സ്ഥാപിക്കുന്നതിന്	30 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly